प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग**, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര കാര്യാലയം , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

ജൂലൈ 01, 2024

# ഗുജറാത്ത് അഹമ്മദാബാദിലെ ദി ഗുജറാത്ത് രാജ്യ കർമ്മചാരി കോ ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി

*"ധനകാര്യ പത്രികകൾ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്) – അവതരണവും വെളിപ്പെടുത്തലും", 'പ്രാഥമിക (അർബൻ) സഹകരണ ബാങ്കുകൾ (യുസിബികൾ) മറ്റ് ബാങ്കുകളിൽ നിക്ഷേപം തുറക്കൽ', "സഹകരണ ബാങ്കുകൾ - നിക്ഷേപങ്ങൾക്കു മേൽ ഉള്ള പലിശ നിരക്ക്"* എന്നീ വിഷയങ്ങൾ സംബന്ധിച്ച ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും ബാങ്കിംഗ് റെഗുലേഷൻസ് ആക്ട്, 1949 (ബി ആർ ആക്ട്, 1949) ന്റെ വകുപ്പ് 35 ന്റെ ഉപ വകുപ്പ് (2) ഉം വകുപ്പ് 56 ഉം കൂട്ടി വായിച്ച പ്രകാരമുള്ള വ്യവസ്ഥകളുടെ ലംഘനത്തിനും, ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി.ഐ), 2024 ജൂൺ 25 ലെ ഉത്തരവു പ്രകാരം ഗുജറാത്ത് അഹമ്മദാബാദിലെ ദി ഗുജറാത്ത് രാജ്യ കർമ്മചാരി കോ ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡിനു (പ്രസ്തുത ബാങ്ക്) മേൽ 7.50 ലക്ഷം രൂപ (ഏഴു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിഴ ചുമത്തി. ബി ആർ ആക്ടിലെ 47എ(1)(സി) വകുപ്പിനൊപ്പം 46(4)(i), 56 എന്നീ വകുപ്പുകളും, കൂടാതെ ബി ആർ ആക്ടിലെ തന്നെ 47എ(1)(എ) വകുപ്പിന്റെ വ്യവസ്ഥകൾ 46(2), 56 എന്നീ വകുപ്പുകളും ചേർത്ത് കൂട്ടിവായിച്ചതിൻ പ്രകാരം ആർ. ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

പ്രസ്തുത ബാങ്കിന്റെ മേലുള്ള നിയമപ്രകാരമുള്ള പരിശോധന, അതിന്റെ 31 മാർച്ച് 2023 വരെയുള്ള സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി, ആർ.ബി.ഐ നടത്തുകയുണ്ടായി. നിയമപരമായ വ്യവസ്ഥകളും/ ആർ.ബി.ഐ യുടെ മാർഗ്ഗരേഖകളും ഇതു സംബന്ധിച്ചുള്ള അനുബന്ധ

കത്തിടപാടുകളും പാലിക്കാത്തതായുള്ള പരിശോധനാ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, മേൽപറഞ്ഞ നിർദ്ദേശങ്ങളും ബി ആർ ആക്ടിന്റെ വ്യവസ്ഥകളും പാലിക്കാത്തത്തിൽ ഉണ്ടായ വീഴ്ചയുടെ പേരിൽ പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് പ്രസ്തുത ബാങ്കിന് നോട്ടിസ് നൽകുകയുണ്ടായി. നോട്ടിസിനുള്ള ബാങ്കിന്റെ മറുപടിയും വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം മറ്റുപലതിന്റെയും കൂട്ടത്തിൽ, താഴെ പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു. പ്രസ്തുത ബാങ്ക് (1) അതിന്റെ വാർഷിക റിപ്പോർട്ടിൽ ബാലൻസ് ഷീറ്റിലെ അക്കൌണ്ട്സിനുള്ള കുറിപ്പുകളിൽ ആർ ബി ഐ ചുമത്തിയ പിഴയെ സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തിയിട്ടില്ല, (2) ആർ ബി ഐ യുടെ പരിശോധനാ ഉദ്യോഗസ്ഥരുടെ ആവശ്യപ്രകാരം അവർക്ക് ലഭ്യമാക്കേണ്ടുന്ന, അതിന്റെ ഇടപാടുകളെ സംബന്ധിച്ച രേഖകളും പൂർണ്ണവിവരങ്ങളും നൽകിയിട്ടില്ല, (3) പ്രുഡൻഷ്യൽ ഇന്റർ-ബാങ്ക് (കൌണ്ടർപാർട്ടി) വെളിപ്പെടുത്തൽ പരിധി ലംഘിച്ചു, (4) കാലാവധി പൂർത്തിയാക്കിയ നിശ്ചിത കാല നിക്ഷേപങ്ങൾക്ക്, അവയുടെ കാലാവധി പൂർത്തിയാക്കിയ ദിവസം മുതൽ അവ തിരികെ നൽകുന്ന ദിവസം വരെയുള്ള അർഹതപ്പെട്ട പലിശ കൊടുത്തിട്ടില്ല.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/608**